GOVERNMENT OF TAMILNADU

രണ്ടാം ക്ലാസ്

STANDARD TWO

TERM - 2

ഘട്ടം - 2

മലയാളം

MALAYALAM READER

Department of School Education

Untouchability is inhuman and a crime

Government of Tamil Nadu

First Edition – 2026

(Published under New Syllabus
in Trimester Pattern)

Price : Rs.

A call can change your life (24×7 toll free helplines for children below 18 years)

If you are forced into Child Marriage or Child Labour, If you are Emotionally, Physically, Sexually Harassed or Abused,

CHILD LINE 1098 NIGHT & DAY

If you feel unsafe dial CHILDLINE 1098 Night & Day

Caller details will be kept confidential

If you are feeling Threatened or being Abused or Harassed - Emotionally, Physically or Sexually, If you are feeling unsafe, If you need guidance for Examinations or Higher Education

14417 Education Information Centre

Dial 14417

Caller details will be kept confidential

Content Creation

State Council of Educational Research and Training

© SCERT 2026

Printing & Publishing

Tamil Nadu Textbook and Educational Services Corporation

Foreword

The early years of childhood are a time of wonder-when curiosity is boundless, imagination is vivid, and every experience becomes a step in the journey of learning. These textbooks for Classes 1 to 3 have been developed to honour this spirit, creating a learning experience that is joyful, meaningful, and engaging.

Developed as part of the **Tamil Nadu State Education Policy-2025**, these books mark a significant step towards strengthening foundational education in the State. The vision and direction provided by the **Hon'ble Minister for School Education** have ensured that the policy's emphasis on child-centred, competency-based, and inclusive learning is meaningfully reflected in these materials.

The leadership of the **Additional Chief Secretary,** School Education has been instrumental in ensuring the integration of 21st-century skills and knowledge, and in shaping the textbooks into engaging story-driven learning experiences.

This is further reflected in a competency-based approach to curriculum and assessment that moves beyond rote learning to foster deep conceptual understanding and meaningful application. The integration of value education to build character, along with life skills, art and motor skill development, enables the holistic development of the child.

The members of the High-Level Curriculum Expert Committee, the Chairperson and the members of the Curriculum Development Committee, have provided constant guidance, shaping and refining these materials through their insights and expertise, alongside the contributions of educators and practitioners acknowledged elsewhere in this book.

At this foundational stage, learning must build strong foundations while supporting the overall development of the child. These textbooks bring together a carefully designed set of features that make learning active, engaging, and meaningful:

- Opportunities for speaking and listening, building confidence in expression
- Activities that strengthen logical thinking and conceptual understanding
- Integrated spaces for reading and writing practice within lessons
- Fine and gross motor skill development through drawing, colouring, tracing, and movement-based tasks
- Simple avenues for independent learning and self-reflection

The books also integrate values and life skills, helping children develop empathy, cooperation, responsibility and confidence.

Learning is guided by a competency-based approach that moves beyond memorisation towards understanding and application. Assessment is embedded within the learning process, making it continuous, meaningful and supportive.

These textbooks are learning companions that invite children to explore, think and express. They represent a shared commitment to enabling every child to learn with joy, grow with confidence, and build a strong foundation for the future-advancing a vision of **"Education reimagined, inclusive, equitable, and future-ready".**

DIRECTOR
State Council of Educational
Research and Training (SCERT)
Tamil Nadu

THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a **SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC** and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

ദേശീയ ഗാനം

ജനഗണമന അധി നായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠ, ദ്രാവിഡം, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമംഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിസൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ സീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

– 'മനോന്മണിയം' പെ. സുന്ദരനാർ.



തമിഴ് മാതൃവന്ദനം – ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു. കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ആമുഖം

> **മധുരമധുരമീ മലയാളം...**
>
> **മധുമതി മനോഹരം മലയാളം....** – തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.

തമിഴ്നാടിന്റെ സവിശേഷമായ സംസ്കാരം, ഭാഷ, സാമൂഹിക പാരമ്പര്യം എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് തമിഴ്നാട് സംസ്ഥാന വിദ്യാഭ്യാസ നയം 2025 രൂപീകരിച്ചിട്ടുണ്ട്. ഇത് കുട്ടികൾക്കുള്ള നിർബന്ധിത വിദ്യാഭ്യാസത്തിന്റെ പ്രധാന ഏകീകൃത ഘടകമായി അടിസ്ഥാന സാക്ഷരതയെ' സൂചിപ്പിക്കുന്നു. തമിഴ്നാട്ടിലെ ഓരോ കുട്ടിയും പ്രായത്തിനനുസരിച്ചുള്ള കേൾവി, സംസാരം, വായന, എഴുത്ത് തുടങ്ങിയ ആജീവനാന്ത അടിസ്ഥാന ഭാഷാ നൈപുണ്യങ്ങൾ നേടണമെന്ന് ഇത് ഊന്നിപ്പറയുന്നു. എല്ലാ പാഠങ്ങളും പഠിക്കുന്നതിനുള്ള അടിസ്ഥാനം ഭാഷാപഠനമായതിനാൽ, കുട്ടികളുടെ സഹജമായ കഴിവുകൾ കണ്ടെത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും, സമൂഹത്തോട് ചേർന്ന് ജീവിക്കാൻ അവരെ സഹായിക്കുന്നതിനുമായാണ് ഈ പാഠപുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ചുറുചുറുക്കോടെ എന്തിനെയും അന്വേഷിച്ചു കണ്ടെത്തുന്ന കുട്ടികളുടെ സ്വഭാവം മനസ്സിലാക്കി, അവർക്ക് പ്രിയപ്പെട്ടതും അടുത്തറിയുന്നതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി ഈ പുസ്തകത്തിലെ പാഠങ്ങൾ, പരിശീലനങ്ങൾ, ഭാഷാ ഗെയിമുകൾ എന്നിവ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.



പാഠ്യപദ്ധതി ഘടന

അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിനായി വാക്കുകളെ കടങ്കഥകളിലൂടെ കുട്ടികൾ തന്നെ സ്വയം അന്വേഷിച്ചു കണ്ടെത്തുന്ന രീതിയിലാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഈ സമീപനം കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കുകയും പഠനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികൾ നേടേണ്ട അടിസ്ഥാന ഭാഷാ നൈപുണ്യങ്ങളായ കേൾവി, സംസാരം, വായന, എഴുത്ത് എന്നിവയ്ക്കായുള്ള പാഠങ്ങൾ പാഠപുസ്തകത്തിൽ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.

1. മഴവില്ല്

- വിദ്യാർത്ഥികൾ പാട്ടുകൾ പാടിയും കഥകൾ കേട്ടും പഠനത്തിനായി തയ്യാറെടുക്കുന്നു. അറിയാവുന്ന അക്ഷരങ്ങൾ പദങ്ങൾ എന്നിവ ഓർത്തെടുത്തു പഠിക്കുന്നു. മഴവില്ലനെ കുറിച്ച് മനസ്സിലാക്കുകയും നിറങ്ങളെക്കുറിച്ച് അറിയുകയും ചെയ്യുന്നു.

2. നന്മയുടെ പൂമരം

- മലയാള അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചരിക്കുന്നു. നൽകിയിട്ടുള്ള പദങ്ങൾ, വാക്യങ്ങൾ, സംഭാഷണ ഭാഗങ്ങൾ ശരിയായി ഉച്ചാരണത്തോടെ അർത്ഥം മനസ്സിലാക്കി വായിക്കുന്നു. വ്യഞ്ജനാക്ഷരങ്ങളും, ചില്ലക്ഷരങ്ങളും മനസ്സിലാക്കുന്നു.

അടിസ്ഥാന നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ

കേൾവിയും സംസാരവും:
കേൾക്കുന്നത് മനസ്സിലാക്കുകയും സ്വന്തം ഭാഷയിൽ സംസാരിക്കുകയും ചെയ്യുക.

വായന:
അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചരിക്കുക.

എഴുത്ത്:
അക്ഷരങ്ങളുടെ രൂപം മനസ്സിലാക്കി എഴുതുക.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള മൂല്യനിർണ്ണയം

- പഠനനേട്ടങ്ങൾ വീണ്ടും ഓർത്തെടുക്കുന്ന ഭാഗം – ചെയ്തു പരിശീലിക്കാം
- പഠന ഫലങ്ങൾ വിലയിരുത്തുന്ന ഭാഗം – പഠനയാത്ര
- കുട്ടികൾ തങ്ങൾ പഠിച്ചത് സ്വയം മനസ്സിലാക്കുന്ന ഭാഗം – ഞാൻ പഠിച്ചത്
- ഓരോ യൂണിറ്റിലുമുള്ള വളർച്ച വിലയിരുത്തുന്ന ഭാഗം – ഞാൻ ചെയ്യും

ഗ്രൂപ്പ് പ്രവർത്തനങ്ങൾ: തനിച്ച് അല്ലെങ്കിൽ കൂട്ടായുള്ള പ്രവർത്തനങ്ങൾ.

കഥ, പാട്ട്, സംസാരം, വായന, എഴുത്ത്: ഇവയ്ക്കുള്ള തന്ത്രങ്ങൾ.

പഠന ഫലങ്ങൾ: കുട്ടികൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ.

അധിക വിവരങ്ങൾ: പാട്ടുകൾ, കഥകൾ, പരിശീലനങ്ങൾ.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ (Rubrics)

ചുരുക്കത്തിൽ, ഓരോ കുട്ടിയും ആജീവനാന്ത പഠനത്തിന് ആവശ്യമായ ശക്തമായ അടിത്തറ നേടുന്നതിനൊപ്പം, അടിസ്ഥാന സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കാനും ഈ പാഠപുസ്തകം സഹായിക്കുന്നു.



മലയാളം

രണ്ടാം ക്ലാസ്

യൂണിറ്റ്	ശീർഷകം	പേജ് നമ്പർ
1.	മഴവില്ല്	01
2.	നന്മയുടെ പൂമരം	26

എന്നെ അറിയാൻ.....ഞാൻ എഴുതും.



എന്റെ പേര്: .....

എന്റെ സ്ഥലപ്പേര്: .....



എന്റെ നാട്: .....

എന്റെ വിദ്യാലയം: .....

എന്റെ ടീച്ചർ: .....

എനിക്ക് ഇഷ്ടമുള്ള നിറം: .....

എനിക്ക് ഇഷ്ടമുള്ള ഭക്ഷണം: .....



എനിക്ക് ഇഷ്ടമുള്ള വിനോദം: .....

എനിക്ക് പഠിക്കാൻ ഇഷ്ടമുള്ളത്: .....

എനിക്കിഷ്ടമില്ലാത്തത്: .....

ഞാൻ എന്നെക്കുറിച്ച് പറയാം, നിങ്ങളും പറയുക.



1 മഴവില്ല്

ആകാശച്ചെരുവിൽ ഒന്നു നോക്കൂ
അതാ വരുന്നു മഴവില്ല്!
ഏഴു നിറങ്ങൾ ചാലിച്ച
നിന്നെ കാണാൻ എന്തുരസം!
മഴയും വെയിലും ഒന്നിച്ചാൽ
മാനത്തുദിക്കും ഈ വില്ല്!
കണ്ണുകൾക്കേറ്റം കുളിരേകും,
വർണ്ണക്കുടയാം മഴവില്ല്!
മാനത്തുണ്ടൊരു ചന്തച്ചെപ്പിൽ
ഒളിഞ്ഞിരിക്കും മഴവില്ല്!
ആകാശത്തോപ്പിലെ പൂവാണ്,
അഴകേറും നമ്മുടെ മഴവില്ല്!



മഴവില്ലിന്റെ ചിത്രത്തിന് നിറം നൽകി രസിക്കാം





മഴവില്ല് വരച്ച് നിറം നൽകി രസിക്കാം

പദ്യത്തിലെ ചിത്രം നിരീക്ഷിച്ച് താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

1. ആകാശത്ത് നിങ്ങൾ എന്താണ് കാണുന്നത്?

_____

2. മഴവില്ലിന് എത്ര നിറങ്ങളുണ്ട്?

_____

3. മഴവില്ല് കാണുമ്പോൾ നിങ്ങൾക്ക് എന്ത് തോന്നും?

_____

4. നിങ്ങൾ മഴവില്ല് കണ്ടിട്ടുണ്ടോ?

_____

കടങ്കഥകൾക്ക് ഉത്തരം എഴുതാം

1. ആകാശത്ത് ഒരു പാലമുണ്ട്, പക്ഷേ അതിലൂടെ നടക്കാൻ കഴിയില്ല. എന്താണത്?

2. വില്ലുണ്ട് പക്ഷേ അമ്പില്ല, ആകാശത്താണ് താമസം. എന്താണത്?

3. വെയിലും മഴയും ഒന്നിച്ചു വരുമ്പോൾ ആകാശത്ത് വിരിയുന്ന സുന്ദരൻ വില്ല്?

4. ആകാശത്തൊരു പൂവിരിഞ്ഞു, ഏഴു നിറമുള്ള ഭംഗിയുള്ള പൂവ്. എന്താണത്?

5. ദൂരെ നിന്ന് നോക്കിയാൽ കാണാം, അടുത്ത് ചെന്നാൽ തൊടാൻ പറ്റില്ല. ആകാശത്തെ ആ വില്ല് ഏതാണ്?

'മഴവിൽ തളിക' നിർമ്മിക്കാൻ ആവശ്യപ്പെടാം

ആവശ്യമായ സാധനങ്ങൾ :



ഒരു പേപ്പർ പ്ലേറ്റ് (പകുതിയായി മുറിച്ചത്)



ഏഴ് നിറങ്ങളിലുള്ള പേപ്പർ സ്ട്രിപ്പുകൾ (അല്ലെങ്കിൽ സാറ്റിൻ റിബണുകൾ) പഞ്ഞി (മേഘം ഉണ്ടാക്കാൻ), പശ, കത്രിക.

നിർമ്മാണ രീതി :

പേപ്പർപ്ലേറ്റ് പകുതിയായി മുറിച്ച് മുകൾഭാഗം മേഘം പോലെ പഞ്ഞി ഒട്ടിക്കുകയോ, അല്ലെങ്കിൽ വെള്ള നിറം നൽകുകയോ ചെയ്യാം.

പകുതിയാക്കിയ പ്ലേറ്റിന്റെ അടിഭാഗമായി ഏഴ് നിറങ്ങളിലുള്ള പേപ്പർ സ്ട്രിപ്പുകൾ നിറയെ ഒട്ടിക്കുക.



അമ്മുവിന്റെ കൂട്ടുകാരൻ



ഒരു ദിവസം വൈകുന്നേരം നല്ല മഴ പെയ്തു. മഴ കഴിഞ്ഞപ്പോൾ അമ്മു മുറ്റത്തേക്കിറങ്ങി. അപ്പോഴതാ ആകാശത്ത് വട്ടത്തിൽ ഒരു വലിയ വര! അതിൽ നിറയെ നിറങ്ങൾ. അമ്മു ഓടിച്ചെന്ന് അമ്മയെ വിളിച്ചു. 'അമ്മേ.... നോക്കൂ, ആകാശത്ത് ആരോ ചായം പൂശിയിരിക്കുന്നു!' അമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു, 'അതു ചായമല്ല മോളേ, അതാണ് മഴവില്ല്'



അമ്മുവിന് മഴവില്ലിനോട് കൂട്ടുകൂടാൻ തോന്നി. അവൾ ആകാശത്തേക്ക് നോക്കി കൈവീശി പറഞ്ഞു.

‘മഴവില്ലേ, മഴവില്ലേ, താഴേക്ക് വരാമോ? നമുക്ക് ഒന്നിച്ച് കളിക്കാം.’ പെട്ടെന്ന് ആകാശത്തു നിന്നും ഒരു കുഞ്ഞു നിറം താഴേക്ക് പറന്നുവന്നു. അതൊരു കൊച്ചു ചിത്രശലഭമായിരുന്നു! മഴവില്ലിന്റെ പച്ചനിറമുള്ള ഒരു ശലഭം. അമ്മുവിന് സന്തോഷമായി.

പുതിയ പദങ്ങൾ പരിചയപ്പെടാം:

വാനം	–	ആകാശം
വർണ്ണങ്ങൾ	–	നിറങ്ങൾ
പൊയ്ക	–	തടാകം
അത്ഭുതം	–	അതിശയം

ചെറിയ അറിവ്

- സൂര്യപ്രകാശം മഴത്തുള്ളികളിലൂടെ കടന്നു പോകുമ്പോഴാണ് മഴവില്ല് ഉണ്ടാകുന്നത്.
- മഴവില്ല് ഉണ്ടാകുന്നത് സൂര്യന്റെ എതിർദിശയിലാണ്.
- മഴവില്ലിന് ഏഴ് നിറങ്ങളാണ് ഉള്ളത്.
- മഴവില്ലിന്റെ നിറങ്ങൾ



വയലറ്റ്

ഇൻഡിഗോ

നീല

പച്ച

മഞ്ഞ

ഓറഞ്ച്

ചുവപ്പ്

പ്രവർത്തനം

1. ചിന്തിക്കാം എഴുതാം

1. മഴവില്ല് എപ്പോഴാണ് ആകാശത്ത് തെളിയുന്നത്?

ഉത്തരം : _____

2. മഴവില്ലിലെ ഏറ്റവും മുകളിലത്തെ നിറം ഏതാണ്?

ഉത്തരം : _____

3. നിങ്ങളുടെ പ്രിയപ്പെട്ട നിറം ഏതാണ്?

ഉത്തരം : _____

2. ചിന്തിക്കാം എഴുതാം

ഒരേ ശബ്ദത്തിൽ അവസാനിക്കുന്ന പദങ്ങൾ കണ്ടെത്താം.

_____

വില്ല്	-	കല്ല് _____,	പല്ല് _____,	തല്ല് _____
വാനം	-	_____,	_____,	_____
വഴി	-	_____,	_____,	_____
മഴ	-	_____,	_____,	_____
കുട	-	_____,	_____,	_____

3. ദിക്കുകൾ അറിയാം

ദിക്കുകൾ നാല്

വടക്ക്

തെക്ക്

കിഴക്ക്

പടിഞ്ഞാറ്



മഴവില്ല്



വാനിൽ തെളിഞ്ഞൊരു മഴവില്ലേ,
വർണ്ണങ്ങൾ ചാലിച്ച പൂവില്ലേ!
ഏഴു നിറങ്ങൾ ചാർത്തിക്കൊണ്ട്,
എങ്ങു നിന്നു നീ വന്നു?
അമ്പിളിമാമന്റെ വീട്ടിൽ പോയി,
അമ്പിനാൽ തീർത്തൊരു
വില്ലാണോ?
കുഞ്ഞുങ്ങൾ ഞങ്ങൾ
നോക്കിടുമ്പോൾ,
കണ്ണിനു കുളിരേകും മഴവില്ലേ!

കുഞ്ഞുണ്ണി മാഷ്

ഈ കവിത വായിച്ചശേഷം മഴവില്ലിനെക്കുറിച്ച് നാല് വരി എഴുതുക.

തുമ്പിയും മഴവില്ലും

നീലക്കുപ്പായമിട്ട ഒരു കൊച്ചു തുമ്പി ഉണ്ടായിരുന്നു. തുമ്പു! തുമ്പുവിന് ആകാശത്തെ മഴവില്ല് കാണുമ്പോൾ ഭയങ്കര കൊതി തോന്നും.



'എനിക്ക് ആ മഴവില്ലിന്റെ മുകളിൽ പോയി ഒന്ന് ഇരിക്കണം' തുമ്പു എപ്പോഴും പറയും. ഒരു ദിവസം തുമ്പു തന്റെ കൂട്ടുകാരനായ മയിൽക്കുഞ്ഞിനോട് ചോദിച്ചു, 'കൂട്ടുകാരാ എനിക്ക് മഴവില്ലിനെ ഒന്ന് തൊടണം. ഞാൻ എങ്ങനെ അവിടെ എത്തും?' മയിൽക്കുഞ്ഞ് തന്റെ വലിയ പീലി വിടർത്തി ചിരിച്ചുകൊണ്ട് പറഞ്ഞു, 'നമുക്ക് മഴമേഘങ്ങളോട് ചോദിക്കാം.'



അവർ രണ്ടുപേരും കൂടി വലിയൊരു കുന്നിൻ മുകളിലേക്ക് പറന്നു ചെന്നു. അവിടെ ഒരു വലിയ കാർമേഘം ഇരിപ്പുണ്ടായിരുന്നു. തുമ്പു ചോദിച്ചു, 'മേഘമാമാ ഞങ്ങൾക്ക് മഴവില്ലിനെ ഒന്ന് കാണിച്ചു തരുമോ?'



മേഘമാമൻ ചിരിച്ചു. പെട്ടെന്ന് മഴ പെയ്തു. മഴതോർന്നതും ആകാശത്ത് വലിയൊരു മഴവില്ല് തെളിഞ്ഞു! മഴവില്ലിന്റെ ഭംഗികണ്ട് മയിൽക്കുഞ്ഞ് പീലിവിടർത്തി ആടി. തുമ്പു ആകാശത്തേക്ക് സന്തോഷത്തോടെ പറന്നുയർന്നു.

അഭിനയിക്കാം; ആസ്വദിക്കാം

ക്ലാസിലെ കുട്ടികളെ ഏഴ് ഗ്രൂപ്പുകളാക്കുക. ഓരോ ഗ്രൂപ്പിനും മഴവില്ലിലെ ഓരോ നിറത്തിന്റെ പേര് നൽകുക (ഉദാഹരണത്തിന് : ഗ്രൂപ്പ് ചുവപ്പ്, ഗ്രൂപ്പ് പച്ച...) ഓരോ ഗ്രൂപ്പും അവരുടെ നിറത്തിലുള്ള ഏതെങ്കിലും രണ്ട് വസ്തുക്കളുടെ പേര് പറയണം. (ഉദാഹരണത്തിന് : പച്ചഗ്രൂപ്പ്-ഇല, തത്ത)



വിട്ടുപോയ അക്ഷരങ്ങൾ എഴുതാം

മ —— വില്ല് (ഴ / യ)

ആ —— ശം (ഹാ / കാ)

ചി —— ശലഭം (ത്ര / ത്യ)

വർണ്ണ —— ൾ (ങ്ങ / ന്ന)

വേഗത്തിൽ വായിച്ച് രസിക്കാം



മഴ പെയ്തു

പുഴ നിറഞ്ഞൊഴുകി

ആകാശം തെളിഞ്ഞു

മഴവില്ല് വിരിഞ്ഞു

കുട്ടികൾ സന്തോഷിച്ചു.

വിപരീത പദങ്ങൾ പഠിക്കാം

വലിയ	×	ചെറിയ
മുകളിൽ	×	താഴെ
സന്തോഷം	×	സങ്കടം
വന്നു	×	പോയി
മഴ	×	വെയിൽ
രാത്രി	×	പകൽ
കറുത്ത	×	വെളുത്ത

ശരിയായ നിറങ്ങൾ വരച്ച് യോജിപ്പിക്കാം

വസ്തുക്കൾ	നിറങ്ങൾ
കാക്ക	പച്ച
തത്ത	ചുവപ്പ്
തക്കാളി	കറുപ്പ്
പാല്	മഞ്ഞ
സൂര്യകാന്തി	വെള്ള

താഴെ തന്നിരിക്കുന്ന ചിത്രങ്ങൾ നോക്കി ഉചിതമായവ എടുത്തെഴുതാം

(**ചിത്രശലഭം മേഘം കുട തവള**)









മാതൃകയ്ക്കനുസരിച്ച് പുതിയ പദങ്ങൾ നിർമ്മിക്കാം

ബഹുമാനം	ബഹുമാനപൂർവ്വം
സ്നേഹം	_____
ബുദ്ധി	_____
വിനയം	_____
അഭിമാനം	_____

പകരപദം എഴുതാം

(ചിത്രശലഭം, വർണ്ണം, മഴ, ആകാശം)

ഗഗനം _____

പൂമ്പാറ്റ _____

മാരി _____

നിറം _____

ചിത്രക്കാഴ്ച

ഈ പാഠഭാഗത്തിലെ ചിത്രത്തിൽ കാണുന്നത് എന്തൊക്കെയാണെന്ന് എഴുതി നോക്കൂ.

_____

_____

_____

_____

മാതൃകയ്ക്കനുസരിച്ച് പൂരിപ്പിക്കാം

നിറയുന്നു	-	നിറഞ്ഞു
ക്ഷണിക്കുന്നു	-	_____
പെയ്യുന്നു	-	_____
വിടർത്തുന്നു	-	_____
കാണുന്നു	-	_____
പറയുന്നു	-	_____

കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തി വട്ടമിടാം

സുന്ദരം, മനോഹരം, വിരൂപം, രമണീയം

മാതൃകയ്ക്കനുസരിച്ച് പിരിച്ചെഴുതാം

(പദങ്ങളെ രണ്ട് അർത്ഥമുള്ള ചെറിയ പദങ്ങളാക്കി മാറ്റാൻ ഇത് സഹായിക്കും)

നീലക്കുപ്പായം	-	നീല + കുപ്പായം
മാനത്തുദിക്കും	-	_____
നിലത്താമര	-	_____
കാക്കക്കുയിൽ	-	_____
നിലാകാശം	-	_____
മഴത്തുള്ളി	-	_____
പൂന്തോട്ടം	-	_____
തേൻമാവ്	-	_____
കൂട്ടുകാരൻ	-	_____

മാതൃകയ്ക്കനുസരിച്ച് ചേർത്തെഴുതാം

(രണ്ട് പദങ്ങൾ ചേർന്ന് പുതിയൊരു പദമുണ്ടാകുന്നത് എങ്ങനെ എന്ന് ഇതിലൂടെ പഠിക്കാം)

തുമ്പ + പൂവ് = തുമ്പപ്പൂവ്

മാൻ + കിടാവ് = _____

കാറ്റ് + അടിച്ചു = _____

പീലി + വിടർത്തി = _____

പാലം + ഇട്ടു = _____

നനഞ്ഞു + കുതിർന്നു = _____

മാതൃകപോലെ (ൽ ചേർത്തെഴുതാം)

ആകാശം - ആകാശത്തിൽ

മരം - _____

കാട് - _____

മഴവില്ല് - _____

കാർമേഘം - _____

പീലി - _____

ഒളിഞ്ഞിരിക്കുന്ന നിറങ്ങൾ കണ്ടെത്തി മഴവില്ലിന്റെ നിറങ്ങളുടെ ക്രമത്തിൽ എഴുതാം

ഇ	മ	ഞ്ഞ	പ	ച്ച
ൻ	വ	യ	ല	റ്റ്
ഡി	ഓ	റ	ഞ്ച്	നീ
ഗോ	ചു	വ	പ്പ്	ല

വാക്യങ്ങൾ ക്രമപ്പെടുത്തി എഴുതാം

- തരുമോ / മഴവില്ലിനെ / കാണിച്ചു / ഒന്ന്

  മഴവില്ലിനെ ഒന്ന് കാണിച്ച് തരുമോ

- പറന്നു / മുകളിലേക്ക് / ചെന്നു / കുന്നിൻ

  _____

- തൊടണം / കൂട്ടുകാരാ / ഒന്ന് / മഴവില്ലിനെ / എനിക്ക്

  _____

- തരുമോ / മേഘമാമ / കാണിച്ച് / ഒന്ന് / ഞങ്ങൾക്ക് / മഴവില്ലിനെ

  _____

- ഇരിപ്പുണ്ടായിരുന്നു / കാർമേഘം / വലിയ / ഒരു

  _____

ഏകവചനം, ബഹുവചനം കണ്ടെത്തി എഴുതാം

മരങ്ങൾ, നക്ഷത്രം, കൂട്ടുകാരൻ, മയിലുകൾ, കാർമേഘങ്ങൾ, തേൻമാവ്, ചിത്രശലഭങ്ങൾ, നിറങ്ങൾ, തടാകം, ശലഭം.

ഏകവചനം	ബഹുവചനം
_____	_____
_____	_____
_____	_____
_____	_____
_____	_____

കുട്ടിപ്പാട്ട്



മലയാളം മാസങ്ങൾ





ചിങ്ങപ്പൊൻപുലരി പിറന്നു,
പൂവിളി തൻ കാറ്റും വീശി.
കന്നി വെയിലിൽ പാടം കൊയ്തു,
കറ്റകൾ നമ്മൾ വീട്ടിലെത്തിച്ചു.

തുലാമഴ പെയ്തു തോർന്നു,
വൃശ്ചിക മഞ്ഞിൽ നാടു കുളിച്ചു.
ധനുവിൻ തണുപ്പിൽ പുലരി വിറച്ചു,
മകരനിലാവിൽ ലോകം തിളങ്ങി.

കുംഭനിലാവിൻ ഭംഗി കണ്ടു,
മീനച്ചൂടിൽ കാട് വരണ്ടു.
മേടപ്പൊൻകണി കണ്ടുണർന്നു,
ഇടവപ്പാതിയിൽ വാനമിടിവെട്ടി.

മിഥുനമഴയിൽ തോട്ടിൽ വെള്ളം,
കർക്കടകപ്പെയ്ത്തിൽ വീട്ടിനുള്ളിൽ കഞ്ഞി.
ഇങ്ങനെയീ പന്ത്രണ്ട് മാസങ്ങൾ,
മലയാള നാടിൻ മണിമുത്തുകൾ!

ഇംഗ്ലീഷ് മാസങ്ങൾ അറിയാം

2026

ജനുവരി

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
			1	2	3	4
5	6	7	8	9	10	11
12	13	14	15	16	17	18
19	20	21	22	23	24	25
26	27	28	29	30	31	1

ഫെബ്രുവരി

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
						1
2	3	4	5	6	7	8
9	10	11	12	13	14	15
16	17	18	19	20	21	22
23	24	25	26	27	28	1

മാർച്ച്

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
						1
2	3	4	5	6	7	8
9	10	11	12	13	14	15
16	17	18	19	20	21	22
23	24	25	26	27	28	29
30	31	1	2	3	4	5

ഏപ്രിൽ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28	29	30	1	2	3

മേയ്

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
				1	2	3
4	5	6	7	8	9	10
11	12	13	14	15	16	17
18	19	20	21	22	23	24
25	26	27	28	29	30	31

ജൂൺ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
1	2	3	4	5	6	7
8	9	10	11	12	13	14
15	16	17	18	19	20	21
22	23	24	25	26	27	28
29	30	1	2	3	4	5

ജൂലൈ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28	29	30	31	1	2

ഓഗസ്റ്റ്

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
					1	2
3	4	5	6	7	8	9
10	11	12	13	14	15	16
17	18	19	20	21	22	23
24	25	26	27	28	29	30
31	1	2	3	4	5	6

സെപ്റ്റംബർ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30	1	2	3	4

ഒക്ടോബർ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
			1	2	3	4
5	6	7	8	9	10	11
12	13	14	15	16	17	18
19	20	21	22	23	24	25
26	27	28	29	30	31	1

നവംബർ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
						1
2	3	4	5	6	7	8
9	10	11	12	13	14	15
16	17	18	19	20	21	22
23	24	25	26	27	28	29
30	1	2	3	4	5	6

ഡിസംബർ

ഞാ	തി	ചൊ	ബു	വ്യാ	വെ	ശ
	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30	31			

അധ്യാപകക്കുറിപ്പ്

കുട്ടികൾ നിറങ്ങൾ തിരിച്ചറിയുന്നതിനും പ്രകൃതിയെ സ്നേഹിക്കുന്നതിനും ഈ പാഠഭാഗത്തിലൂടെ പ്രാധാന്യം നൽകുക. കുട്ടികളെ കൊണ്ട് കൂടുതൽ ചിത്രങ്ങൾ വരപ്പിക്കാനും, ക്ലാസ്സ് മുറിയിൽ മഴവില്ലിന്റെ മാതൃകകൾ ചാർട്ടുകളിൽ ചെയ്യിപ്പിക്കാനും അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക്.....

ഞാൻ വായിക്കും

1. ഉച്ചരിച്ച് നോക്കാം



2. അക്ഷരങ്ങൾ വായിക്കാം

കാ ങാ ചാ ഞാ ടാ ണാ താ
നാ പാ മാ യാ രാ ലാ വാ
ശാ ഷാ സാ ഹാ ളാ ഴാ റാ

3. ചേർത്ത് വായിക്കാം

ക് + ആ	ങ് + ആ	ച് + ആ	ഞ് + ആ	ട് + ആ	ണ് + ആ
ത് + ആ	ന് + ആ	ച് + ആ	മ് + ആ	യ് + ആ	ര് + ആ
ല് + ആ	വ് + ആ	ശ് + ആ	ഷ് + ആ	സ് + ആ	ഹ് + ആ
	ള് + ആ	ഴ് + ആ	റ് + ആ		

4. പദങ്ങൾ വായിക്കാം

കാനനം

കാ → കാ
കാ + ന → കാന
കാന + നം → കാനനം

താമര

താ → താ
താ + മ → താമ
താമ + ര → താമര

പാദസരം

പാ → പാ
പാ + ദ → പാദ
പാദ + സ → പാദസ
പാദസ + രം → പാദസരം

കാനനം

സ → സ
സ + മാ → സമാ
സമാ + ധാ → സമാധാ
സമാധാ + നം → സമാധാനം

മാണിക്യം താരാട്ട് താമരപ്പൂവ് ഞാണ്
വാശി ശാന്തം പാവാട കാരുണ്യം

5. വാക്യങ്ങൾ വായിക്കാം

ഞാൻ പാടത്ത് പോയി
വാഴ തഴച്ചുവളർന്നു

1. ഉച്ചരിച്ച് നോക്കാം

കി
ങ്കി
ചി
ഞ്ഞി
ടി
ണ്ണി
തി
ന്നി
പി
മ്മി
യി
രി
ല്ലി
വി
ശ്ശി
ഷി
സ്സി
ഹി
ള്ളി
ഴ്ഴി
റ്റി

2. അക്ഷരങ്ങൾ വായിക്കാം

കി	ങ്കി	ചി	ഞ്ഞി	ടി	ണ്ണി	തി
ന്നി	പി	മ്മി	യി	രി	ല്ലി	വി
ശ്ശി	ഷി	സ്സി	ഹി	ള്ളി	ഴ്ഴി	റ്റി

3. ചേർത്ത് വായിക്കാം

ക് + ഇ	ങ് + ഇ	ച് + ഇ	ഞ് + ഇ	ട് + ഇ	ണ് + ഇ
ത് + ഇ	ന് + ഇ	ച് + ഇ	മ് + ഇ	യ് + ഇ	ര് + ഇ
ല് + ഇ	വ് + ഇ	ശ് + ഇ	ഷ് + ഇ	സ് + ഇ	ഹ് + ഇ
	ള് + ഇ	ഴ് + ഇ	റ് + ഇ		

4. പദങ്ങൾ വായിക്കാം

മഴവില്ല്

മ → മ
മ + ഴ → മഴ
മഴ + വി → മഴവി
മഴവി + ല്ല് → മഴവില്ല്

തിരമാല

തി → തി
തി + ര → തിര
തിര + മാ → തിരമാ
തിരമാ + ല → തിരമാല

കിരീടം	സിംഹം	ചിരവ	കിണർ
ചിലങ്ക	തിരമാല	നിഴൽ	വിളക്ക്
ശിശിരം	മഷി	കിരണം	മിന്നൽ

5. വാക്യങ്ങൾ വായിക്കാം

കിളികൾ ചിലച്ചു

ആകാശത്തിൽ നിലാവ്

മഴവില്ലും തിരമാലയും മിന്നലും പ്രകൃതിയുടെ അത്ഭുതങ്ങൾ

1. ഉച്ചരിച്ച് നോക്കാം

കീ
ങീ
ചീ
ഞീ
ടീ
ണീ
തീ
നീ
പീ
മീ
യീ
രീ
ലീ
വീ
ശീ
ഷീ
സീ
ഹീ
ളീ
ഴീ
റീ

2. അക്ഷരങ്ങൾ വായിക്കാം

കീ ങീ ചീ ഞീ ടീ ണീ തീ
നീ പീ മീ യീ രീ ലീ വീ
ശീ ഷീ സീ ഹീ ളീ ഴീ റീ

3. ചേർത്ത് വായിക്കാം

ക് + ഈ	ങ് + ഈ	ച് + ഈ	ഞ് + ഈ	ട് + ഈ	ണ് + ഈ
ത് + ഈ	ന് + ഈ	ച് + ഈ	മ് + ഈ	യ് + ഈ	ര് + ഈ
ല് + ഈ	വ് + ഈ	ശ് + ഈ	ഷ് + ഈ	സ് + ഈ	ഹ് + ഈ
	ള് + ഈ	ഴ് + ഈ	റ് + ഈ		

4. പദങ്ങൾ വായിക്കാം

പീഠഭൂമി

പീ → പീ
പീ + ഠ → പീഠ
പീഠ + ഭൂ → പീഠഭൂ
പീഠഭൂ + മി → പീഠഭൂമി

തീവണ്ടി

തീ → തീ
തീ + വ → തീവ
തീവ + ണ്ടി → തീവണ്ടി

ജീരകം നീരാവി വീണ ശീലം
സീതപ്പഴം രീതി നീരാളി പീടിക
മീശ വീഥി

5. വാക്യങ്ങൾ വായിക്കാം

കാറ്റ് വീശുന്നു

മീൻ നീന്തുന്നു

തീവണ്ടിയിൽ പോകുമ്പോൾ നീണ്ടു നിവർന്ന ആകാശവും പീഠഭൂമിയും വീഥികളും കണ്ടു

1. ഉച്ചരിച്ച് നോക്കാം

കു
ങു
ചു
ഞു
ടു
ണു
തു
നു
പു
മു
യു
രു
ലു
വു
ശു
ഷു
സു
ഹു
ളു
ഴു
റു

2. അക്ഷരങ്ങൾ വായിക്കാം

കു	ങു	ചു	ഞു	ടു	ണു	തു
നു	പു	മു	യു	രു	ലു	വു
ശു	ഷു	സു	ഹു	ളു	ഴു	റു

3. ചേർത്ത് വായിക്കാം

ക് + ഉ	ങ് + ഉ	ച് + ഉ	ഞ് + ഉ	ട് + ഉ	ണ് + ഉ
ത് + ഉ	ന് + ഉ	ച് + ഉ	മ് + ഉ	യ് + ഉ	ര് + ഉ
ല് + ഉ	വ് + ഉ	ശ് + ഉ	ഷ് + ഉ	സ് + ഉ	ഹ് + ഉ
	ള് + ഉ	ഴ് + ഉ	റ് + ഉ		

4. പദങ്ങൾ വായിക്കാം

കുമ്പളങ്ങ

കു → കു
കു + മ്പ → കുമ്പ
കുമ്പ + ള → കുമ്പള
കുമ്പള + ങ്ങ → കുമ്പളങ്ങ

മുരിങ്ങക്ക

മു → മു
മു + രി → മുരി
മുരി + ങ്ങ → മുരിങ്ങ
മുരിങ്ങ + ക്ക → മുരിങ്ങക്ക

കുടിൽ	കുയിൽ	മുയൽ	പുലരി
മുത്ത്	ശുഭം	മുറം	പുടവ
മുതല	കുമ്പളങ്ങ	ബുധൻ	പുരികം
	പുളി	തുമ്പി	

5. വാക്യങ്ങൾ വായിക്കാം

അവൻ കുഴിയിൽ വീണു
ഞാൻ പുഴയിൽ കുളിച്ചു
കുട്ടികൾ പുഴക്കരയിൽ എത്തിയപ്പോൾ ചുറ്റിലും കുതിര, മുയൽ, കുയിൽ, കുറുക്കൻ, എന്നിവ ഒത്തുകൂടി

1. ഉച്ചരിച്ച് നോക്കാം

കൂ
ങൂ
ചൂ
ഞൂ
ടൂ
ണൂ
തൂ
നൂ
പൂ
മൂ
യൂ
രൂ
ലൂ
വൂ
ശൂ
ഷൂ
സൂ
ഹൂ
ളൂ
ഴൂ
റൂ

2. അക്ഷരങ്ങൾ വായിക്കാം

കൂ	ങൂ	ചൂ	ഞൂ	ടൂ	ണൂ	തൂ
നൂ	പൂ	മൂ	യൂ	രൂ	ലൂ	വൂ
ശൂ	ഷൂ	സൂ	ഹൂ	ളൂ	ഴൂ	റൂ

3. ചേർത്ത് വായിക്കാം

ക് + ഊ	ങ് + ഊ	ച് + ഊ	ഞ് + ഊ	ട് + ഊ	ണ് + ഊ
ത് + ഊ	ന് + ഊ	ച് + ഊ	മ് + ഊ	യ് + ഊ	ര് + ഊ
ല് + ഊ	വ് + ഊ	ശ് + ഊ	ഷ് + ഊ	സ് + ഊ	ഹ് + ഊ
	ള് + ഊ	ഴ് + ഊ	റ് + ഊ		

4. പദങ്ങൾ വായിക്കാം

കൂരിരുട്ട്

കൂ → കൂ
കൂ + രി → കൂരി
കൂരി + രു → കൂരിരു
കൂരിരു + ട്ട് → കൂരിരുട്ട്

സൂര്യകാന്തി

സൂ → സൂ
സൂ + ര്യ → സൂര്യ
സൂര്യ + കാ → സൂര്യകാ
സൂര്യകാ + ന്തി → സൂര്യകാന്തി

കൂടാരം	സൂര്യൻ	മൂങ്ങ	ചൂട്
ചൂരൽ	പൂരം	തൂവൽ	പൂക്കൾ
കൂന്തൽ	ദൂരം	കൂരിരുട്ട്	സൂര്യകാന്തി

5. വാക്യങ്ങൾ വായിക്കാം

സൂര്യൻ കിഴക്ക് ഉദിച്ചു

കൂടയിൽ പൂക്കൾ നിറച്ചു

സൂര്യൻ കിഴക്കുദിക്കുമ്പോൾ സൂര്യകാന്തി പൂക്കൾ പുത്തുലഞ്ഞു

1. ഉച്ചരിച്ച് നോക്കാം

കൃ
ങൃ
ചൃ
ഞൃ
ടൃ
ണൃ
തൃ
നൃ
പൃ
മൃ
യൃ
രൃ
ലൃ
വൃ
ശൃ
ഷൃ
സൃ
ഹൃ
ളൃ
ഴൃ
റൃ

2. അക്ഷരങ്ങൾ വായിക്കാം

കൃ	ങൃ	ചൃ	ഞൃ	ടൃ	ണൃ	തൃ
നൃ	പൃ	മൃ	യൃ	രൃ	ലൃ	വൃ
ശൃ	ഷൃ	സൃ	ഹൃ	ളൃ	ഴൃ	റൃ

3. ചേർത്ത് വായിക്കാം

ക് + ഋ	ങ് + ഋ	ച് + ഋ	ഞ് + ഋ	ട് + ഋ	ണ് + ഋ
ത് + ഋ	ന് + ഋ	ച് + ഋ	മ് + ഋ	യ് + ഋ	ര് + ഋ
ല് + ഋ	വ് + ഋ	ശ് + ഋ	ഷ് + ഋ	സ് + ഋ	ഹ് + ഋ
	ള് + ഋ	ഴ് + ഋ	റ് + ഋ		

4. പദങ്ങൾ വായിക്കാം

വൃക്ഷം

വൃ → വൃ

വൃ + ക്ഷം → വൃക്ഷം

വൃദ്ധൻ

വൃ → വൃ

വൃ + ദ്ധ → വൃദ്ധ

വൃദ്ധ + ൻ → വൃദ്ധൻ

വൃത്തി	വൃക്ക	വൃഷ്ടി	ഹൃദയം
കൃത്യം	മൃഗം	നൃത്തം	സൃഷ്ടി
വൃക്ഷം	വൃദ്ധൻ	വൃത്തം	നൃപൻ

5. വാക്യങ്ങൾ വായിക്കാം

നൃത്തം ചെയ്യുന്ന കുട്ടി

എന്റെ കൃഷി ഭൂമി

വൃക്ഷച്ചുവട്ടിൽ ഞാൻ ഇരുന്നു

മൃഗങ്ങളെയും വൃക്ഷങ്ങളെയും സംരക്ഷിച്ചു പോന്ന നൃപൻ ഉണ്ടായിരുന്നു

2 നന്മയുടെ പൂമരം



വഴിയിൽ വീണൊരു കുരുവിക്കുഞ്ഞിനു
കൂടൊരുക്കാൻ തുനിയേണം നാം.
വാടി നിൽക്കും ചെടികൾക്കെല്ലാം
തെല്ലു വെള്ളം പകരേണം നാം.
ദാഹിച്ചീടും ജീവികൾക്കെല്ലാം
സ്നേഹത്തോടെ തുണയാകേണം



നോവുണർത്തും വാക്കുകൾ ചൊല്ലാതെ
കാരുണ്യത്തിൻ ദീപമാകേണം നാം.
മരങ്ങൾ നമ്മൾ വളർത്തേണം
ഭൂമിയെ കാത്തു പരിപാലിക്കണം.
ഏവരും ഒന്നു ചേർന്നു നടന്നാൽ
ഈ ലോകം നൻമതൻ പൂങ്കാവനം!





കവിതയിൽനിന്ന് ഇഷ്ടപ്പെട്ട പദങ്ങൾ എടുത്ത് എഴുതാം

_____ _____ _____

_____ _____ _____

_____ _____ _____

ചിത്രത്തിന് നിറം നൽകി രസിക്കാം



ചിത്രം വരച്ച് നിറം നൽകി രസിക്കാം

ചേരുംപടി ചേർക്കാം

കവിതയിലെ വരികളെയും അതിൽ പറയുന്ന നൻമകളെയും തമ്മിൽ യോജിപ്പിച്ചെഴുതുക.

വഴിയിൽ വീണൊരു കുരുവിക്കുഞ്ഞിന്	വെള്ളം പകരണം
വാടി നിൽക്കും ചെടികൾക്കെല്ലാം	ഭൂമിയെ പരിപാലിക്കണം
ദാഹിച്ചോടും ജീവികൾക്കെല്ലാം	കൂടൊരുക്കണം
മരങ്ങൾ നമ്മൾ വളർത്തണം	തുണയാകണം

താഴെ പറയുന്ന വാക്യങ്ങൾ വായിച്ച് ശരിയാണെങ്കിൽ (👍) ചിഹ്നത്തിനും തെറ്റാണെങ്കിൽ (👎) ചിഹ്നത്തിനും ടിക്ക് ചെയ്യാം

വാടി നിൽക്കുന്ന ചെടികൾക്ക് നാം വെള്ളമൊഴിക്കണം (👍) (👎)

ദാഹിച്ചു വരുന്ന പക്ഷികളെ ഓടിച്ചു വിടണം (👍) (👎)

മരങ്ങൾ വെട്ടി നശിപ്പിക്കണം (👍) (👎)

ഏവരും ഒന്നു ചേർന്ന് പ്രവർത്തിച്ചാൽ ഈ ലോകം ഒരു പൂങ്കാവനമാകും (👍) (👎)

വിട്ടുപോയഭാഗം പൂരിപ്പിക്കുക

1. വാടി നിൽക്കും ചെടികൾക്ക് _____ (തീ / നീര്) പകരണം.

2. നോവുണർത്തും വാക്കുകൾ ചൊല്ലാതെ, കാരുണ്യത്തിൻ _____ (ദീപം / ഇരുട്ട്) ആകണം.

3. മരങ്ങൾ നമ്മൾ _____ (വളർത്തണം / മുറിക്കണം)

4. ഈ ലോകം നൻമതൻ _____ (മരുഭൂമി / പൂങ്കാവനം)

താഴെ പറയുന്നവയിൽ ശരിയായ കാര്യങ്ങൾക്ക് (✓) ഉം തെറ്റായ കാര്യങ്ങൾക്ക് (×) ഉം വരയ്ക്കാം

1. കൂട്ടുകാരൻ വീണുപോയാൽ ചിരിക്കും ☐
2. വീട്ടിലെ പൂച്ചക്കുഞ്ഞിന് പാൽ നൽകും ☐
3. വഴിയിൽ കിടന്ന പ്ലാസ്റ്റിക് കുപ്പി എടുത്തു മാറ്റും ☐
4. ചെടിയിലെ ഇലകൾ നുള്ളിക്കളയും ☐
5. പരിസരം മലിനമാകാതെ സൂക്ഷിക്കും ☐

രണ്ടുവരിയിൽ ഉത്തരം എഴുതാം

1. വഴിയിൽ വീണ കുരുവിക്കുഞ്ഞിനെ നമ്മൾ എന്ത് ചെയ്യണം?

   ഉത്തരം : _____

2. നമ്മൾ എന്തിനെയാണ് കാത്തുപരിപാലിക്കേണ്ടത്?

   ഉത്തരം : _____

3. എല്ലാവരും ഒന്നുചേർന്ന് നടന്നാൽ ഈ ലോകം എന്തായി മാറും?

   ഉത്തരം : _____

കളിക്കൂട്ടം

കുട്ടികളെ വട്ടത്തിൽ നിർത്തി, അധ്യാപകൻ 'കുരുവി' എന്ന് പറയുമ്പോൾ കുട്ടികൾ കൈകൾ കൊണ്ട് ചിറകടിക്കണം, 'ചെടി' എന്ന് പറയുമ്പോൾ കൈകൾ മുകളിലേക്ക് നീട്ടി നിൽക്കണം, 'പൂങ്കാവനം' എന്ന് പറയുമ്പോൾ എല്ലാവരും കൈകോർത്തു പിടിക്കണം. കുട്ടികൾക്ക് വളരെ ആസ്വാദ്യകരമായ ഒരു വിനോദമായിരിക്കും ഇത്. ഇത്തരത്തിൽ തുടർച്ചയായി ചെയ്ത് കളിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

കുട്ടുമാനിന്റെ മണി



പച്ചപ്പ് നിറഞ്ഞ ഒരു കാട്ടിൽ കുട്ടു എന്നുപേരുള്ള ഒരു കുഞ്ഞുമാൻ ഉണ്ടായിരുന്നു. കുട്ടുവിന്റെ കഴുത്തിൽ അമ്മ സ്നേഹത്തോടെ അണിയിച്ചു കൊടുത്ത ഒരു മനോഹരമായ മണിയുണ്ടായിരുന്നു. ആ മണി കിലുക്കി കാട്ടിലൂടെ ഓടിനടക്കാൻ കുട്ടുവിന് വലിയ ഇഷ്ടമായിരുന്നു.



ഒരു ദിവസം കാട്ടിലൂടെ തുള്ളിച്ചാടി കളിക്കുന്നതിനിടയിൽ കുട്ടുവിന്റെ കഴുത്തിലെ മണി എവിടെയോ വീണുപോയി! മണി നഷ്ടപ്പെട്ടതറിഞ്ഞ് കുട്ടുമാൻ ഒരു മരച്ചുവട്ടിലിരുന്ന് സങ്കടപ്പെട്ട് കരയാൻ തുടങ്ങി.



അതേസമയം ആ വഴി വന്ന ചിന്നു എന്ന കുഞ്ഞണ്ണാൻ വഴിയിൽ കിടക്കുന്ന മണി കണ്ടു. അത് കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. എങ്കിലും ചിന്നു ചിന്തിച്ചു, 'ഇത് എന്റെതല്ലല്ലോ, ഇത് കളഞ്ഞുപോയ വിഷമത്തിൽ ഇരിക്കുന്ന ആൾക്ക് തന്നെ തിരികെ കൊടുക്കണം' (സത്യസന്ധത, ഉത്തരവാദിത്വം)



മണിയുമെടുത്ത് അത് ആരുടേതാണെന്ന് അന്വേഷിച്ച് നടക്കുമ്പോൾ വഴിയിൽ പതുക്കെ നടന്നുപോകുന്ന ആമച്ചേട്ടനെ ചിന്നു കണ്ടു. വഴിയിൽ തടസ്സമായി നിന്ന ആമച്ചേട്ടനോട് ചിന്നു ദേഷ്യപ്പെട്ടില്ല. പകരം ആമച്ചേട്ടന് പോകാൻ ക്ഷമയോടെ വഴിമാറിക്കൊടുത്തു. (ക്ഷമ, സഹിഷ്ണുത, മുതിർന്നവരോടുള്ള ബഹുമാനം)



കുറച്ചു ദൂരം ചെന്നപ്പോൾ കരഞ്ഞു കൊണ്ടിരിക്കുന്ന കുട്ടുമാനിനെ ചിന്നു കണ്ടു. കുട്ടുവിന്റെ വിഷമം കണ്ടപ്പോൾ ചിന്നുവിനും സങ്കടമായി (സഹാനുഭൂതി). ചിന്നു ഓടിച്ചെന്ന് സ്നേഹത്തോടെ ചോദിച്ചു 'കുട്ടൂ, നീ എന്തിനാ കരയുന്നേ? ഈ മണിയാണോ നീ അന്വേഷിക്കുന്നത്?'

തന്റെ പ്രിയപ്പെട്ട മണി കണ്ടപ്പോൾ കുട്ടുമാനിന് വലിയ സന്തോഷമായി. കുട്ടു ചിന്നുവിനോട് പറഞ്ഞു, എന്റെ മണി തിരികെ തന്നതിന് വളരെ നന്ദി ചിന്നു, നീ നല്ലൊരു കൂട്ടുകാരിയാണ് (നന്ദി). സ്നേഹത്തോടെ കുട്ടു തന്റെ കയ്യിലുണ്ടായിരുന്ന കുറച്ചു മധുരമുള്ള പഴങ്ങൾ ചിന്നുവിന് നൽകി. (സ്നേഹം, പങ്കുവയ്ക്കൽ) അന്നു മുതൽ അവർ വലിയ കൂട്ടുകാരായി.



പ്രവർത്തനം



സത്യസന്ധതയുടെ പെട്ടി

ചെയ്യേണ്ടവിധം : ക്ലാസ്സ്മുറിയിൽ ഭംഗിയുള്ള ഒരു ചെറിയ പെട്ടി വയ്ക്കുക. അതിന് 'സത്യസന്ധതയുടെ പെട്ടി' എന്ന് പേര് നൽകുക. ക്ലാസിൽ നിന്നോ വിദ്യാലയ മുറ്റത്ത് നിന്നോ പെൻസിൽ, റബ്ബർ, പുസ്തകം എന്നിവ കളഞ്ഞു കിട്ടുകയാണെങ്കിൽ അവയെ സ്വന്തമാക്കാൻ ശ്രമിക്കാതെ ആ പെട്ടിയിൽ നിക്ഷേപിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക.

അധ്യാപകക്കുറിപ്പ് : ഈ പ്രവർത്തനത്തിലൂടെ കുട്ടികളുടെ സത്യസന്ധതയും ഉത്തരവാദിത്വവും വളർത്താൻ അധ്യാപകർ സഹായിക്കേണ്ടതാണ്.

പ്രവർത്തനം

മാന്ത്രിക വാക്കുകൾ

ചെയ്യേണ്ടവിധം : മൂന്ന് വലിയ ചാർട്ട് പേപ്പറുകളിൽ 'നന്ദി', 'ക്ഷമിക്കണം', 'ദയവായി' എന്നീ പദങ്ങൾ വലുപ്പത്തിൽ എഴുതി ക്ലാസിൽ തൂക്കുക. കഥയിലെ കുട്ടുമാൻ ചിന്നുവിനോട് 'നന്ദി' പറഞ്ഞതുപോലെ, ദിവസവും ഈ വാക്കുകൾ ഉചിതമായ സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ അധ്യാപകൻ കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ്.



1. ഈ കഥയിൽ ആരൊക്കെ ഉണ്ടായിരുന്നു? ശരിയായവയ്ക്ക് (✓) ചെയ്യാം

കുട്ടു ☐

ചിന്നു ☐

ആമച്ചേട്ടൻ ☐

സിംഹം ☐

2. താഴെ നൽകിയിരിക്കുന്ന വാക്യങ്ങൾ കഥയിലെ ക്രമമനുസരിച്ച് എഴുതാം

- കുട്ടുവിന്റെ കഴുത്തിലെ മണി കാട്ടിൽ എവിടെയോ വീണുപോയി.
- ചിന്നുവിന് വഴിയിൽ നിന്ന് മനോഹരമായ ഒരു മണി കിട്ടി.
- കുട്ടു ചിന്നുവിന് മധുരമുള്ള പഴങ്ങൾ സമ്മാനമായി നൽകി.
- ചിന്നു കരഞ്ഞുകൊണ്ടിരുന്ന കുട്ടുവിന് മണി തിരികെ നൽകി.
- കുട്ടുവിന്റെ കഴുത്തിൽ അമ്മ സ്നേഹത്തോടെ നൽകിയ മണി ഉണ്ടായിരുന്നു.

3. യോജിപ്പിക്കാം

മഴ	കിലു കിലു
തവള	തുള്ളി തുള്ളി
മണി	ക്രോം ക്രോം
കാറ്റ്	പറ പറ
പക്ഷി	ശൂ ശൂ

4. ഉത്തരം എഴുതാം

1. കുട്ടുവിനെ ആരാണ് സ്നേഹത്തോടെ 'മണി' അണിയിച്ചത്?

   ഉത്തരം : _____

2. 'കുട്ടു' മണിയും കിലുക്കി നടന്നത് എവിടെയാണ്?

   ഉത്തരം : _____

3. ചിന്നു വഴിയിൽ ആരെയാണ് കണ്ടത്?

   ഉത്തരം : _____

4. തന്റെ പ്രിയപ്പെട്ട മണി കണ്ടപ്പോൾ കുട്ടുവിന് എന്താണ് തോന്നിയത്?

   ഉത്തരം : _____

5. മണി തിരികെ കിട്ടിയപ്പോൾ കുട്ടു ചിന്നുവിന് എന്താണ് നൽകിയത്?

   ഉത്തരം : _____

5. ചിന്തിച്ച് ഉത്തരം പറയുക

നിങ്ങളുടെ കൂട്ടുകാരന്റെ പെൻസിലോ മിഠായിയോ ക്ലാസിൽ കളഞ്ഞു പോയാൽ നിങ്ങൾ എന്തു ചെയ്യും?

നിങ്ങൾ എപ്പോഴെങ്കിലും ആരെയെങ്കിലും സഹായിച്ചിട്ടുണ്ടോ?

6. പദങ്ങൾ കൊണ്ടുള്ള ഗോപുരം നിർമ്മിക്കാം



ഉത്തരവാദിത്വം നീ ദയ സ്നേഹം സത്യസന്ധത മനോഹരം

7. വിട്ടുപോയ അക്ഷരം എഴുതാം



പ ____ ങ്ങൾ (യ, ഴ)



സ്വാ ____ തം (ഗ, ത)



ആകാ ____ (ശം, സം)



കൊ ____ (ച്ച്, ഞ്ച്)



കി ____ (ണ്ണം, ണ്ണ)

8. വരച്ച് നിറം നൽകാം

കുട്ടുവിന്റെ കഴുത്തിലുണ്ടായിരുന്ന 'മനോഹരമായ മണി' നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് വരച്ച് നിറം നൽകുക.

9. ഓർമ്മ പുതുക്കാം

ൽ	ൻ	ർ	ൾ	ൺ
ആൽ	ഞാൻ	കാർ	തേൾ	കൂൺ

10. ആദ്യത്തെ അക്ഷരം മാറ്റിയെഴുതാം

1. മുയൽ — പായൽ — കായൽ
2. വരം — _____ — _____
3. നര — _____ — _____
4. മണ്ണ് — _____ — _____

11. സദ്ഗുണങ്ങൾ ഓർമ്മിക്കാം, എഴുതാം

സത്യം, ധർമ്മം, നീതി, _____ _____ _____

12. എതിർ പദങ്ങൾ എഴുതാം

ഇഷ്ടം	×	അനിഷ്ടം
അടുത്ത്	×	
ഭയം	×	
നന്മ	×	
ഉയർച്ച	×	
ദുഃഖം	×	
വെയിൽ	×	
കയറ്റം	×	

13. നാമം, ക്രിയ തരംതിരിച്ച് എഴുതാം

(പശു, കുരങ്ങൻ ഓടി, മയിൽ, പറഞ്ഞു, കളി, കുട്ടി, വീണു, ആന, രാമു, കുടിച്ചു, കളഞ്ഞു)

നാമം	ക്രിയ

14. സ്ത്രീലിംഗം പുല്ലിംഗം എഴുതാം



സംഭാഷണം വായിച്ച് രസിക്കാം

കുറുക്കനും മുയലും: നല്ല ശീലങ്ങളുടെ കൂട്ടുകാരൻ

കഥാപാത്രങ്ങൾ:


: എപ്പോഴും കാരുണ്യവും സ്നേഹവുമുള്ള ഒരു കൊച്ചു മുയലാണ് ചിന്നു.


: കുറച്ച് കുറുമ്പനാണെങ്കിലും നല്ല കാര്യങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്ന ഒരു കുറുക്കനാണ് കിച്ചു.


: ഹലോ കിച്ചു! നീ എന്താ ഈ കാട്ടിൽ തനിച്ചിരുന്ന് ആലോചിക്കുന്നത്? വന്ന് എന്റെ കൂടെ കളിച്ചുകൂടേ? (സദ്ഗുണം : സൗഹൃദം/കൂട്ടായ്മ)


: ഹേയ് ചിന്നു, എനിക്ക് കളിക്കാൻ മടിയാണ്. മാത്രമല്ല, ഞാൻ വിചാരിച്ചു മറ്റുള്ളവരെ പറ്റിച്ച് ജീവിക്കുന്നതല്ലേ നല്ലതെന്ന്!


: അയ്യോ കിച്ചു, അത് തെറ്റായ ചിന്തയാണ്! നമ്മൾ എപ്പോഴും സത്യം മാത്രമേ പറയാവൂ. കള്ളം പറഞ്ഞാൽ ആരും നമ്മളെ വിശ്വസിക്കില്ല. (സദ്ഗുണം: സത്യസന്ധത)


: അങ്ങനെയാണോ? പക്ഷെ മറ്റുള്ളവരെ സഹായിക്കുന്നതു കൊണ്ട് നമുക്ക് എന്താ ലാഭം?


: മറ്റുള്ളവരെ സഹായിക്കുമ്പോൾ നമ്മുടെ മനസ്സിന് കിട്ടുന്ന സന്തോഷം ഒന്നു വേറെ തന്നെയാണ് കിച്ചു. അമ്മക്കിളിക്ക് കൂടുണ്ടാക്കാൻ ഞാൻ ഇന്നലെ സഹായിച്ചപ്പോൾ അവരെനിക്ക് നല്ല പഴങ്ങൾ തന്നു! (സദ്ഗുണം: പരോപകാരം / സഹായമനസ്കത)



: ഉം അത് ശരിയായിരിക്കാം. പക്ഷെ ആരെങ്കിലും നമ്മളോട് ദേഷ്യപ്പെട്ടാൽ നമ്മളും തിരിച്ച് ദേഷ്യപ്പെടണ്ടേ?



: ഒരിക്കലും അരുത്! നമ്മൾ എപ്പോഴും എല്ലാവരോടും ക്ഷമയോടെയും വിനയത്തോടെയും പെരുമാറണം. സ്നേഹം കൊണ്ട് നമുക്ക് എല്ലാവരുടെയും ഹൃദയത്തിൽ ജീവിക്കാം. (സദ്ഗുണം: ക്ഷമ, വിനയം)



: എങ്കിൽ ഞാനും ഇനി മുതൽ കാട്ടിലെ ചെറിയ ജീവികളോട് കാരുണ്യം കാണിക്കാം. അവരെ ഉപദ്രവിക്കില്ല. (സദ്ഗുണം : ജീവകാരുണ്യം)



: മിടുക്കൻ! അതുപോലെതന്നെ പ്രധാനമാണ് മുതിർന്നവരെ ബഹുമാനിക്കുന്നതും, നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുന്നതും. വഴിയിൽ കാണുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യണം. (സദ്ഗുണം: ബഹുമാനം, പ്രകൃതിസ്നേഹം)



: നന്ദി ചിന്നു! ഈ സദ്ഗുണങ്ങൾ എന്നെ പഠിപ്പിച്ചതിന് നന്ദി. ഇനി മുതൽ നമ്മൾ ഒരുമിച്ച് നല്ല കാര്യങ്ങൾ ചെയ്യും! (സദ്ഗുണം : കൃതജ്ഞത)

ഗുണപാഠം : സത്യസന്ധത, കാരുണ്യം, ക്ഷമ, മുതിർന്നവരോടുള്ള ബഹുമാനം തുടങ്ങിയ സദ്ഗുണങ്ങൾ നമ്മളെ നല്ലവരാക്കി മാറ്റുന്നു എന്നത് അധ്യാപകൻ ഈ സംഭാഷണം കുട്ടികളെ കൊണ്ട് വായിപ്പിച്ച് മനസ്സിലാക്കി കൊടുക്കേണ്ടതാണ്.

സംഭാഷണം എഴുതാം

പൂച്ചയും എലിയും തമ്മിലുള്ള സംഭാഷണം.

പൂച്ച : ടോ, ഇങ്ങുവന്നേ, എന്താ നിന്റെ പേര്?

എലി : (ഭയന്ന്) എന്റെ പേര് .....

പൂച്ച : ശരി, നീ ദിവസവും എനിക്ക് ഒരു എലിയെ ഭക്ഷണമായി കൊണ്ടുവരണം.

എലി :.....

പൂച്ച : (പിറ്റേദിവസം) ഇതെന്താ പാത്രം?

എലി : പാത്രത്തിൽ എലിയുടെ സൂപ്പാണ്.

പൂച്ച : ഇതെങ്ങനെയാണ് കുടിക്കുക.

എലി : പാത്രത്തിൽ തലയിട്ടുകുടിക്കണം.

പൂച്ച : അനുകരിക്കുന്നു..... (തലകുടുങ്ങി).

പൂച്ച : നിലവിളിച്ചു കൊണ്ട് ഓടിയൊളിച്ചു.



ചിത്രം നോക്കി കഥ പറയാം

പൂച്ചയ്ക്കാരു മണികെട്ടും എന്ന കഥ കേട്ടിട്ടുണ്ടോ?ആ കഥ സ്വന്തം ഭാഷയിൽ പറയുക.



വേഗത്തിൽ വായിക്കാം

അമ്മ തന്ന പഴം മധുരമുള്ളതാണ്

തുമ്പപ്പൂവിന് നല്ല വെളുത്ത നിറമാണ്

ആകാശത്ത് മനോഹരമായ ഒരു മഴവില്ല് വിരിഞ്ഞു

കുഞ്ഞുകുരുവി മരക്കൊമ്പിലിരുന്ന് പാട്ടുപാടുന്നു

ആറ്റിൽ തെളിഞ്ഞ വെള്ളത്തിൽ മീനുകൾ തുള്ളിച്ചാടുന്നു

പ്രവർത്തനം വളർത്തുമൃഗങ്ങൾ

അനുയോജ്യമായവ എടുത്തെഴുതുക

- കാ...കാ...കാ...കാ...
- ഭൗ...ഭൗ....ഭൗ...ഭൗ...
- ശ്...ശ്...ശ്... ശ്...ശ്...ശ്...
- ങ്യാവൂ...ങ്യാവൂ....
- മേ....മേ.....മേ.....മേ....
- കൊക്കകോ....കൊ.....കോ....കൊക്കകോ...കോ







....







....



അപ്പുവും കുഞ്ഞുമാവും



ഒരു ഗ്രാമത്തിൽ അപ്പു എന്നൊരു കൊച്ചു മിടുക്കൻ ഉണ്ടായിരുന്നു. അവൻ രണ്ടാം ക്ലാസിലാണ് പഠിക്കുന്നത്. ഒരു ദിവസം അപ്പുവിന്റെ മുത്തശ്ശൻ അവനൊരു ചെറിയ മാവിൻതൈ സമ്മാനിച്ചു. അവരത് വീട്ടുമുറ്റത്ത് നട്ടു. അപ്പു ദിവസവും അതിന് വെള്ളമൊഴിച്ചു.

വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ കൊച്ചുതൈ വലിയൊരു മാവായി വളർന്നു. വളരെ നല്ല ചൂടുള്ളപ്പോൾ അപ്പുവും കൂട്ടുകാരും ആ മാവിന്റെ തണലിലാണ് കളിച്ചിരുന്നത്. മാവിൻ കൊമ്പിലിരുന്ന് പക്ഷികൾ മനോഹരമായി പാട്ടുപാടി. അപ്പുവിന് ഉറക്കം വരുമ്പോൾ അവൻ മാവിന്റെ തണലിൽ കിടന്നുറങ്ങി. വസന്തകാലത്ത് മാവ് നിറയെ പൂത്തു.

അപ്പോഴാണ് അപ്പുവിന് സ്കൂളിൽ പഠിച്ച ഒ.എൻ.വി. കുറുപ്പിന്റെ കവിത ഓർമ്മ വന്നത്. 'ഒരു തൈ നടുമ്പോൾ ഒരു തണൽ നടുന്നു...' താൻ അന്ന് നട്ടത് വെറുമൊരു തൈയല്ല, മറിച്ച് തണലും കുളിർനിഴലും പക്ഷികൾക്കുള്ള വീടുമാണെന്ന് അപ്പു സന്തോഷത്തോടെ മനസ്സിലാക്കി.

ഇത് എന്റെ മനോഹരമായ പൂന്തോട്ടം



നിന്റെ പൂന്തോട്ടം വരയ്ക്കുക

ചതുരത്തിൽ മറഞ്ഞിരിക്കുന്ന മരങ്ങളുടെ പേര് കണ്ടുപിടിച്ചെഴുതുക

ആ	ൽ	മ	രം
തേ	ക്ക്	തെ	ക്ക്
ക	വു	ങ്ങ്	മ
മാ	വ്	പ്ലാ	പ
വേ	പ്പ്	വ്	ന



മാതൃക : ആൽമരം

1. .....
2. .....
3. .....
4. .....
5. .....
6. .....

ഉത്തരം കണ്ടെത്താം



മുട്ടയിലുണ്ട് കട്ടയിലില്ല ജില്ലയിലുണ്ട് ജിറാഫിലില്ല.	
സോപ്പിലുണ്ട് ചീപ്പിലില്ല ഡപ്പിയിലുണ്ട് കുപ്പിയിലില്ല.	
പാവയിലുണ്ട് പാറയിലില്ല ചെടിയിലുണ്ട് ചെത്തിയിലില്ല.	
വളയിലുണ്ട് കളയിലില്ല കള്ളിയിലുണ്ട് കള്ളനിലില്ല.	
തുമ്പയിലുണ്ട് തൂമ്പയിലില്ല കമ്പിയിലുണ്ട് കച്ചയിലില്ല.	



എനിക്ക് സാധിക്കും ✓ ✗



- ○ ചിത്രം വരയ്ക്കും
- ○ പാട്ടുപാടും
- ○ നൃത്തം ചെയ്യും
- ○ പുഴയിൽ നീന്തും
- ○ കൂട്ടുകാരെ ഉപദ്രവിക്കും
- ○ മരം കയറും
- ○ സൈക്കിൾ ഓടിക്കും
- ○ മരം നടും
- ○ മൃഗങ്ങളെ സ്നേഹിക്കും
- ○ ക്ലാസ് മുറി വൃത്തിയായി വയ്ക്കും

1. ഉച്ചരിച്ച് നോക്കാം

കെ
ങെ
ചെ
ഞെ
ടെ
ണെ
തെ
നെ
പെ
മെ
യെ
രെ
ലെ
വെ
ശെ
ഷെ
സെ
ഹെ
ളെ
ഴെ
റെ

2. അക്ഷരങ്ങൾ വായിക്കാം

കെ	ങെ	ചെ	ഞെ	ടെ	ണെ	തെ
നെ	പെ	മെ	യെ	രെ	ലെ	വെ
ശെ	ഷെ	സെ	ഹെ	ളെ	ഴെ	റെ

3. ചേർത്ത് വായിക്കാം

ക് + എ	ങ് + എ	ച് + എ	ഞ് + എ	ട് + എ	ണ് + എ
ത് + എ	ന് + എ	ച് + എ	മ് + എ	യ് + എ	ര് + എ
ല് + എ	വ് + എ	ശ് + എ	ഷ് + എ	സ് + എ	ഹ് + എ
	ള് + എ	ഴ് + എ	റ് + എ		

4. പദങ്ങൾ വായിക്കാം

മെഴുകുതിരി

മെ → മെ
മെ + ഴു → മെഴു
മെഴു + കു → മെഴുകു
മെഴുകു + തി → മെഴുകുതി
മെഴുകുതി + രി → മെഴുകുതിരി

നെറ്റിപ്പട്ടം

നെ → നെ
നെ + റ്റി → നെറ്റി
നെറ്റി + പ്പ → നെറ്റിപ്പ
നെറ്റിപ്പ + ട്ടം → നെറ്റിപ്പട്ടം

നെയ്യപ്പം | തെങ്ങോല | ചെങ്കാന്തൾ | കെട്ടിടം
തെച്ചിപ്പൂവ് | പെരുമ | വെളിച്ചം | നെറ്റിപ്പട്ടം
ചെമ്പരത്തി | പെൻസിൽ | വെളിച്ചം | ചെരുപ്പ്

5. വാക്യങ്ങൾ വായിക്കാം

ഞാൻ നെയ്യപ്പം കഴിച്ചു
നെറ്റിപ്പട്ടം കെട്ടിയ ആന
ഞാൻ നെൽകൃഷി ചെയ്തു
നെൽപ്പാടം നിറയെ ചെടികളും കളകളും നിറഞ്ഞു കാണപ്പെട്ടു

1. ഉച്ചരിച്ച് നോക്കാം

കേ
ങ്കേ
ചേ
ഞ്ഞേ
ടേ
ണേ
തേ
നേ
പേ
മേ
യേ
രേ
ലേ
വേ
ശേ
ഷേ
സേ
ഹേ
ളേ
ഴേ
റേ

2. അക്ഷരങ്ങൾ വായിക്കാം

കേ ങ്കേ ചേ ഞ്ഞേ ടേ ണേ തേ
നേ പേ മേ യേ രേ ലേ വേ
ശേ ഷേ സേ ഹേ ളേ ഴേ റേ

3. ചേർത്ത് വായിക്കാം

ക് + ഏ	ങ് + ഏ	ച് + ഏ	ഞ് + ഏ	ട് + ഏ	ണ് + ഏ
ത് + ഏ	ന് + ഏ	പ് + ഏ	മ് + ഏ	യ് + ഏ	ര് + ഏ
ല് + ഏ	വ് + ഏ	ശ് + ഏ	ഷ് + ഏ	സ് + ഏ	ഹ് + ഏ
	ള് + ഏ	ഴ് + ഏ	റ് + ഏ		

4. പദങ്ങൾ വായിക്കാം

കേരവ്യക്ഷം

കേ → കേ
കേ + ര → കേര
കേര + വ്യ → കേരവ്യ
കേരവ്യ + ക്ഷം → കേരവ്യക്ഷം

ചേന	മേഘം	വേഷം	ഹേമന്തം
മേശ	തേനീച്ച	നേരം	കേരളം
റേഡിയോ	പേരയ്ക്ക	ദേശാടനം	പേടകം

5. വാക്യങ്ങൾ വായിക്കാം

പശു മേയുന്നു
മേഘം കറുത്തു
തേനീച്ച പറന്നു
കേരളത്തിൽ ധാരാളം കേരങ്ങൾ തിങ്ങിനിറഞ്ഞു കാണാം

1. ഉച്ചരിച്ച് നോക്കാം

കൈ
ങ്കൈ
ചൈ
ഞ്ചൈ
ടൈ
ണ്ടൈ
തൈ
ന്തൈ
പൈ
മ്പൈ
യ്യൈ
രൈ
ലൈ
വ്വൈ
ശൈ
ഷ്ഷൈ
സൈ
ഹൈ
ള്ളൈ
ഴ്ഴൈ
റൈ

2. അക്ഷരങ്ങൾ വായിക്കാം

കൈ ങ്കൈ ചൈ ഞ്ചൈ ടൈ ണ്ടൈ തൈ
ന്തൈ പൈ മ്പൈ യ്യൈ രൈ ലൈ വ്വൈ
ശൈ ഷ്ഷൈ സൈ ഹൈ ള്ളൈ ഴ്ഴൈ റൈ

3. ചേർത്ത് വായിക്കാം

ക് + ഐ	ങ് + ഐ	ച് + ഐ	ഞ് + ഐ	ട് + ഐ	ണ് + ഐ
ത് + ഐ	ന് + ഐ	ച് + ഐ	മ് + ഐ	യ് + ഐ	ര് + ഐ
ല് + ഐ	വ് + ഐ	ശ് + ഐ	ഷ് + ഐ	സ് + ഐ	ഹ് + ഐ
	ള് + ഐ	ഴ് + ഐ	റ് + ഐ		

4. പദങ്ങൾ വായിക്കാം

ചൈന
ചൈ → ചൈ
ചൈ + ന → ചൈന

മൈന
മൈ → മൈ
മൈ + ന → മൈന

തൈലം
തൈ → തൈ
തൈ + ലം → തൈലം

ശൈത്യം
ശൈ → ശൈ
ശൈ + ത്യം → ശൈത്യം

മൈലാഞ്ചി തൈലം കൈലാസം സൈന്യം

മൈതാനം തൈമാവ് കൈതച്ചക്ക സൈക്കിൾ

വൈദ്യൻ വൈഡൂര്യം

5. വാക്യങ്ങൾ വായിക്കാം

മൈതാനത്തിൽ മൈലാഞ്ചി

പൈതൽ കൈ ഉയർത്തുന്നു

മൈതാനത്തിൽ പൈതലുകൾ തൈ നടാൻ പോയി

1. ഉച്ചരിച്ച് നോക്കാം

കൊ
ങ്ങൊ
ചൊ
ഞൊ
ടൊ
ണൊ
തൊ
നൊ
പൊ
മൊ
യൊ
രൊ
ലൊ
വൊ
ശൊ
ഷൊ
സൊ
ഹൊ
ളൊ
ഴൊ
റൊ



2. അക്ഷരങ്ങൾ വായിക്കാം



കൊ ങ്ങൊ ചൊ ഞൊ ടൊ ണൊ തൊ
നൊ പൊ മൊ യൊ രൊ ലൊ വൊ
ശൊ ഷൊ സൊ ഹൊ ളൊ ഴൊ റൊ

3. ചേർത്ത് വായിക്കാം



ക് + ഒ	ങ് + ഒ	ച് + ഒ	ഞ് + ഒ	ട് + ഒ	ണ് + ഒ
ത് + ഒ	ന് + ഒ	പ് + ഒ	മ് + ഒ	യ് + ഒ	ര് + ഒ
ല് + ഒ	വ് + ഒ	ശ് + ഒ	ഷ് + ഒ	സ് + ഒ	ഹ് + ഒ
	ള് + ഒ	ഴ് + ഒ	റ് + ഒ		

4. പദങ്ങൾ വായിക്കാം



കൊ ടി മ രം
തൊ ട്ടാ വാ ടി
തൊ ട്ടി ൽ
പൊ തി ച്ചോ റ്

മൊട്ട്	പൊരി	തൊട്ടാവാടി
ഞൊടി	കൊട്ട്	മൊന്ത
തൊഴുത്ത്	കൊട്ടാരം	കൊതുക്
തൊട്ടിൽ	കൊട്ടിൽ	ഞൊടി

5. വാക്യങ്ങൾ വായിക്കാം



ഞാൻ പൊതിച്ചോറ് കഴിച്ചു.

തൊഴുത്തിൽ പശുവിനെ കെട്ടി

വയലിൽ കൊറ്റിയെ കണ്ടു

കൊമ്പു കുലുക്കി പൊടി പറത്തി ആന ഓടി വന്നു

1. ഉച്ചരിച്ച് നോക്കാം

കോ
ങ്ങോ
ചോ
ഞ്ഞോ
ടോ
ണ്ണോ
തോ
നോ
പോ
മോ
യോ
രോ
ലോ
വോ
ശോ
ഷോ
സോ
ഹോ
ളോ
ഴോ
റോ



2. അക്ഷരങ്ങൾ വായിക്കാം



കോ ങ്ങോ ചോ ഞ്ഞോ ടോ ണ്ണോ തോ
നോ പോ മോ യോ രോ ലോ വോ
ശോ ഷോ സോ ഹോ ളോ ഴോ റോ

3. ചേർത്ത് വായിക്കാം



ക് + ഓ	ങ് + ഓ	ച് + ഓ	ഞ് + ഓ	ട് + ഓ	ണ് + ഓ
ത് + ഓ	ന് + ഓ	ച് + ഓ	മ് + ഓ	യ് + ഓ	ര് + ഓ
ല് + ഓ	വ് + ഓ	ശ് + ഓ	ഷ് + ഓ	സ് + ഓ	ഹ് + ഓ
	ള് + ഓ	ഴ് + ഓ	റ് + ഓ		

4. പദങ്ങൾ വായിക്കാം

കോ ടാ ലി

ഗോ പു രം

തോ ര ണം

മോ തി രം



ചോളം	കോഴി	തോണി	കോമളം
ലോറി	ലോകം	പോത്ത്	മോര്
മോതിരം	തോരണം	സോപാനം	ഗോപുരം

5. വാക്യങ്ങൾ വായിക്കാം



ഞാൻ പോരാടി ജയിച്ചു

ഞാൻ റോസാപ്പൂവ് വാങ്ങി

കോടാലി കൊണ്ട് മരം വെട്ടി

വിരലിൽ സ്വർണ്ണ മോതിരം ധരിക്കാൻ ചോതിക്ക് ആഗ്രഹം

1. ഉച്ചരിച്ച് നോക്കാം

കൗ
ങൗ
ചൗ
ഞൗ
ടൗ
ണൗ
തൗ
നൗ
പൗ
മൗ
യൗ
രൗ
ലൗ
വൗ
ശൗ
ഷൗ
സൗ
ഹൗ
ളൗ
ഴൗ
റൗ



2. അക്ഷരങ്ങൾ വായിക്കാം

കൗ ങൗ ചൗ ഞൗ ടൗ ണൗ തൗ
നൗ പൗ മൗ യൗ രൗ ലൗ വൗ
ശൗ ഷൗ സൗ ഹൗ ളൗ ഴൗ റൗ



3. ചേർത്ത് വായിക്കാം

ക് + ഔ	ങ് + ഔ	ച് + ഔ	ഞ് + ഔ	ട് + ഔ	ണ് + ഔ
ത് + ഔ	ന് + ഔ	പ് + ഔ	മ് + ഔ	യ് + ഔ	ര് + ഔ
ല് + ഔ	വ് + ഔ	ശ് + ഔ	ഷ് + ഔ	സ് + ഔ	ഹ് + ഔ
	ള് + ഔ	ഴ് + ഔ	റ് + ഔ		



4. പദങ്ങൾ വായിക്കാം

കൗ ശ ലം

ഔ ചി ത്യം

ഔ വ്വ യാ ർ



മൗനം നൗക പൗർണമി ശൗര്യം

സൗന്ദര്യം പൗരൻ കൗതുകം ഔഷധം

5. വാക്യങ്ങൾ വായിക്കാം

കൗശലക്കാരൻ കുറുക്കൻ കൂകി വിളിച്ചു

ഞാൻ ഔഷധം വാങ്ങി

പൗർണമി രാവിൽ വവ്വാലുകൾ പറന്നു

വവ്വാൽ മരത്തിൽ തലകീഴായി തൂങ്ങി കിടക്കുന്നത് സൗമ്യ കൗതുകത്തോടെ നോക്കി നിന്നു



അക്ഷരമാല

സ്വരങ്ങൾ

അ	ആ	ഇ	ഈ
ഉ	ഊ	ഋ	
എ	ഏ	ഐ	
ഒ	ഓ	ഔ	

അനുസ്വാരം | അം | അഃ | വിസർഗം

വ്യഞ്ജനാക്ഷരങ്ങൾ

ക	ഖ	ഗ	ഘ	ങ
ച	ഛ	ജ	ഝ	ഞ
ട	ഠ	ഡ	ഢ	ണ
ത	ഥ	ദ	ധ	ന
പ	ഫ	ബ	ഭ	മ
യ	ര	ല	വ	
ശ	ഷ	സ		
ഹ				
ള	ഴ	റ		

Standard 2 - Term-II - Textbook Development Team - Malayalam

Co-ordinator

Dr. T. Jayagandhi,
Senior Lecturer,
SCERT, Chennai Dist.

Subject Experts

Dr. P.M. Girish
Prof. in Malayalam Language,
Madras University,
Chennai Dist.

Reviewers

Shaji M.R
PG. ASST,
St. Thomas HSS,
Coimbatore Dist.

Sreehari. R
PG. ASST,
Kerala Vidyalayam H.S.S,
Chennai Dist.

Authors

Deepu. V
Sec. Grade Teacher,
P.U.P.S, Pandalur, Gudalur Block,
The Nilgiris.

R.N. Krishnan
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist.

Sreeja V.R.
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai Dist.

Art and Design Team

M. Amalraj,
Layout Coordinator,
BT Asst., SCERT, Chennai Dist.

K. Petchimuthu, Designer

Illustration

B. Pramoth
S. Ramesh kumar, BFA

Cover design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at: